# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4082 | 16.03.2017-ൽ മറുപടിയ്ക്ക്

### ഫോറസ്റ്റ് ട്രീ ക്ളബ്ബുകൾ രൂപീകരിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>,, കെ.എസ്.ശബരീനാഥൻ<br>,, റോജി എം.ജോൺ<br>,, എൽദോസ് കുന്നപ്പിള്ളി | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്ത് ഫോറസ്റ്റ് ട്രീ ക്ളബ്ബുകൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ഫോറസ്ട്രി ക്ളബ്ബുകൾ രൂപീരിച്ചിട്ടുണ്ട്. സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ കീഴിൽ വരുന്ന കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ സോഷ്യൽ ഫോറസ്ട്രി റീജിയണുകളിൽ ആകെ 957 ഫോറസ്ട്രി ക്ളബ്ബുകൾ പ്രവർത്തിച്ചുവരുന്നു. |
| ബി) ഫോറസ്റ്റ് ട്രീ ക്ളബ്ബുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് വിശദമാക്കുമോ; | (ബി) സംസ്ഥാനത്തെ വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന ഒരു ഗ്രീൻപാർട്ട്നർഷിപ്പ് പദ്ധതിയാണ് ഫോറസ്ട്രി ക്ളബ്ബുകൾ. ഈ ക്ളബ്ബുകളുടെ ആഭിമുഖ്യത്തിൽ വിവിധ പരിസ്ഥിതി സൗഹാർദ്ദ പദ്ധതികൾ നടന്നുവരുന്നു. ഇതിനായി സാമൂഹ്യവനവൽക്കരണ വിഭാഗം ധനസഹായം നൽകിവരുന്നു. പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, മാലിന്യ നിർമ്മാർജ്ജന അവബോധം, ജലസംരക്ഷണം, നീർത്തട സംരക്ഷണം, കണ്ടൽക്കാടുകൾ, പക്ഷികൾ എന്നിവയുടെ പരിപാലനം തുടങ്ങി വിവിധ ബോധവൽക്കരണ പരിപാടികൾ ഈ ക്ളബ്ബുകൾ മുഖാന്തിരം പ്രധാനമായി നടത്തിവരുന്നു. വിദ്യാർത്ഥികളിൽ പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കുന്നതിനും ഭാവിയിൽ അവർ പ്രകൃതിസംരക്ഷണത്തിന്റെ സന്ദേശവാഹകരാകുന്നതിനും, അനധികൃത മരംമുറിക്കും പരിസര മലിനീകരണത്തിനും എതിരെ ശബ്ദമുയർത്തുക, പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് സെമിനാർ, ഫോട്ടോ എക്സിബിഷൻ ബോധവൽക്കരണ ക്ളാസ്സുകൾ എന്നിവ സംഘടിപ്പിക്കുക പ്രധാനപ്പെട്ട പരിസ്ഥിതി ദിനങ്ങൾ ആചരിക്കുക, അതുമായി ബന്ധപ്പെട്ട മത്സരങ്ങൾ സംഘടിപ്പിക്കുക പൊതു |

സ്ഥലങ്ങളിലും സ്കൂൾ ക്യാമ്പസുകളിലും തൈകൾ നട്ട് പരിപാലിക്കുക എന്നതാണ് പ്രധാന ലക്ഷ്യങ്ങൾ.

(സി) ആരുടെയെല്ലാം സഹകരണമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ ?

(സി) വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയാണ് ഫോറസ്ട്രി ക്ലബ്ബുകളുടെ മുഖ്യപങ്കാളികൾ. ഫോറസ്ട്രി ക്ലബ്ബുകളുടെ വിജയകരമായ പ്രവർത്തനങ്ങൾക്ക് എൻ.സി.സി, എൻ.എസ്.എസ്., എസ്.പി.സി എന്നിവയുമായി സഹകരിച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**